മുകുന്ദപുരം താലൂക്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ നടപടി

100 [108] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുകുന്ദപുരം താലൂക്കിൽ 27 പഞ്ചായത്തുകൾക്ക് ഒരു സ്പെഷ്യൽ ഓഫീസർ മാത്രമുള്ളതിനാൽ പഞ്ചായത്ത് രേണം കഴിഞ്ഞ കുറെ കാലമായി സ്തംഭനാവസ്ഥയിലായതിനാൽ ഈ താലൂക്കിൽ ഒരു ബ്ലോക്കിന് ഒരു സ്പെഷ്യൽ ഓഫീസർ എന്ന ക്രമത്തിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാരണത്താൽ പഞ്ചായത്തുകളിൽ രേണസ്തംഭനം ഉണ്ടായിട്ടില്ല. അതിനാൽ കൂടുതൽ സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

കുവൈറ്റികളുടെ കേരള സന്ദർശനത്തിൽ പ്രതിഷേധിച്ച് പിക്കറ്റിംഗ് നടത്തിയവരുടെമേൽ കൊല്ലത്തു നടത്തിയ ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ: കേന്ദ്ര ഗവൺമെന്റ് അനുമതർ എന്ന് പ്രഖ്യാപിച്ച രണ്ടു കുവൈറ്റ് പൗരൻമാരെ പേയിംഗ് ഗസ്റ്റായി സംസ്ഥാന ഗവൺമെന്റ് ആദരിച്ച നടപടിയിൽ പ്രതിഷേധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർ ജൂൺ 19-ാം തീയതി സംസ്ഥാന വ്യാപകമായി നടത്തിയ പിക്കറ്റിംഗിന്റെ ഭാഗമായി കൊല്ലം കളക്ടറേറ്റിൽ പിക്കറ്റ് ചെയ്യാനെത്തിയ പ്രവർത്തകരുടെ മേൽ യാതൊരു പ്രകോപനവും കൂടാതെ പോലീസ് നടത്തിയ ക്രൂരമായ ലാത്തിച്ചാർജ്ജിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ബേബി ജോൺ, ഇ.കെ. നായനാർ, കെ. പി. പ്രഭാകരൻ, എ.സി. ഷൺമുഖദാസ്, കെ. കൃഷ്ണൻകുട്ടി, കെ. ആർ. ചന്ദ്രമോഹനൻ, ശ്രീമതി ഗൗരി തങ്കപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 5 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ:) സർ, ഈ മാസം 19-ാം തീയതി ഈ ഗവൺമെന്റിനെതിരായി പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെ ആഭിമുഖ്യത്തിൽ നടന്ന കളക്ടറേറ്റ് പിക്കറ്റിംഗിൽ ഒരു ജില്ല ഒഴിച്ച് മറ്റ് എല്ലാ ജില്ലകളിലും അനിഷ്ട സംഭവങ്ങൾ ഒന്നും കൂടാതെ അവസാനിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, കൊല്ലം ജില്ലയിൽ മാത്രമാണ് അനിഷ്ട സംഭവങ്ങൾ ഉണ്ടായത്. ആ സംഭവത്തിൽ ഗവൺമെന്റിനു് വേദനയുണ്ട്. അതിൽ വിശേഷിച്ച്, കാരണമെന്തോ ആകട്ടെ, ഈ സമയത്തെ മുന്നംഗങ്ങൾക്ക് പരിക്കേൽക്കാൻ ഇടയായി എന്നുള്ളതിൽ വേദനയുണ്ട്. ഞാൻ ആത്മാർത്ഥമായി പറയുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് ആ കാര്യത്തിലുള്ള ഉൽക്കണ്ഠയും സാഹചര്യവുമാണ്. ഇതു സംബന്ധിച്ചു നടന്ന എല്ലാകാര്യങ്ങളും അന്വേഷിക്കുന്നതിനുവേണ്ടി, ഒരു ഡിമാൻഡ് വന്ന് അജിറേഷൻ വരാതെ, അതിനെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു ജുഡീഷ്യൽ എൻകയറി ഓർഡർ ചെയ്തിട്ടുള്ളത്. ഒരു ജുഡീഷ്യൽ എൻകയറി ഓർഡർ ചെയ്ത സാഹചര്യത്തിൽ അതിൻറെ പശ്ചാത്തലത്തെക്കുറിച്ച് ഗവൺമെൻറ് പറയുകയെന്നുള്ളത് ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ആ അന്വേഷണത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് അതിൻറെ വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്തായാലും ശരി, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ നടപടികളും ഈ കമ്മീഷൻറെ റിപ്പോർട്ട് കിട്ടിയ ശേഷം സ്വീകരിക്കുന്നതായിരിക്കും. ഒരു ജുഡീഷ്യൽ അന്വേഷണത്തിനു വിടേണ്ടയ മായ വിഷയത്തെ ക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കുകയില്ല.

ശ്രീ. ബേബി ജോൺ: സർ, ഈ മാസം 19–ാം തീയതി നടന്നതും ഈ ഗവൺമെൻറിനു എതിരായ സമരമായിരുന്നില്ല. കേന്ദ്ര ഗവൺമെൻറ് അനഭിമതർ എന്നു പ്രഖ്യാപിച്ച രണ്ട് ആളുകൾക്ക് സംസ്ഥാന അതിഥി പദവി നൽകി ആദരിച്ചതിനു ഉത്തരവാദിത്വം വഹിക്കേണ്ട മുഖ്യമന്ത്രിയും മറു മന്ത്രിമാരും അധികാരത്തിൽ തുടരുന്നതിലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ പിക്കറിംഗ് നടത്തിയത്. മറെറാരു ജില്ലയിലും അനിഷ്ട സംഭവങ്ങളൊന്നും നടന്നില്ല. കൊല്ലം ജില്ലയിൽ മാത്രമാണ് നടന്നത് എന്ന് മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. പ്രസ്തുത സംഭവത്തിൽ ആ സ്ഥലത്ത് ഞാനും ഉണ്ടായിരുന്നു. ഈ നിയമസഭയിലെ മൂന്ന് അംഗങ്ങൾ ശ്രീ. വിജയദാസ്, ശ്രീ. ചന്ദ്രമോഹനൻ, ശ്രീ. തങ്കപ്പൻ ഇവരും ഉണ്ടായിരുന്നു. അതു മാത്രമല്ല, നമ്മുടെ മുൻ മന്ത്രി ശ്രീ. ചിത്തരഞ്ജൻ, ശ്രീ. വെളിയം ഭാർഗവൻ, സി.പി.എം. നേതാക്കൻമാരായ ശ്രീ. ഗുരുദാസ്, ശ്രീ. എം.കെ. മോസ്ക്കരൻ അതു പോലെ കോൺഗ്രസ്സ്. എസ്. നേതാവ് ശ്രീ. കൊട്ടാ ഗോപാല കൃഷ്ണൻ മുതലായവരും ഉണ്ടായിരുന്നു. ഞാൻ ആ പിക്കറിംഗ് പരിപാടി ഉൽഘാടനം ചെയ്തു സംസാരിച്ചുകൊണ്ട് നില്ക്കയായിരുന്നു. അപ്പോൾ പിക്കറിംഗ് തുടങ്ങിയിട്ടില്ലായിരുന്നു. ഞാൻ കഷ്ടിച്ച് അഞ്ചു മിനിറാണ് സംസാരിച്ചത്. അപ്പോൾ അവിടെ വലിയ ബഹളമുണ്ടായി. എന്താണെന്ന് ഞാൻ തിരിഞ്ഞു നോക്കി. ആളുകൾ ഓടുന്നു, പിറകെ പോലീസുകാരും. എല്ലാവരോടും അവിടെ ഇരിക്കാൻ പറഞ്ഞു. ഒരു പോലീസ് ആഫീസർ (പേരൊന്നും ഞാൻ പറയുന്നില്ല, അന്വേഷണ സമയത്ത് വേണമെങ്കിൽ പറയാം) കല്ലെടുത്ത് എറിയുന്നത് ഞാൻ കണ്ടതാണ്. ഞാൻ ആ ഉദ്യോഗസ്ഥൻറെ അടുത്ത് ചെന്ന് ചോദിച്ചു, നിങ്ങൾ എന്തിനാണ് എറിയുന്നത്? എന്തു കാര്യത്തിനാണ് എറിയുന്നത്? അവർ എന്തു ചെയ്തു? അതിന് മറുപടി കിട്ടിയില്ല. മുമ്പൊക്കെ യാദൃശ്ചികമായിട്ടാണ് കല്ലെറിയുന്നത്. എൻറെ ബഹുമാന്യനായ സ്നേഹിത മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിൻറെ ചുമതല ഏറെടുത്ത് കൈകാര്യം ചെയ്തു തുടങ്ങിയതു മുതലാണ് ജനങ്ങളെ പിരിച്ചു വിടുന്നതിനു വേണ്ടി കല്ലും പോലീസിൻറെ ഒരായുധമാണെന്ന് മനസ്സിലായത്. കാരണം യാദൃശ്ചികമായി പോലീസുകാർ കല്ലെറിയുമായിരുന്നു. ലാത്തിയുടെകൂടെ കല്ലും കൊണ്ടുവന്ന് എറിയുന്ന ഏർപ്പാട് ഇപ്പോഴാണ് കണ്ടത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, പ്രകോപനം ഉണ്ടാക്കാൻ വേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി തീരുമാനിച്ചിരുന്നുവെങ്കിൽ എല്ലാ ജില്ലയിലും ഉണ്ടാകുമായിരുന്നു. എന്താണു് അവരെ ഇതിനു് പ്രേരിപ്പിച്ചതെന്നു് എനിക്കു് ഇപ്പോഴും മനസ്സിലാകുന്നില്ല. ഞാൻ ആ ഉദ്യോഗസ്ഥൻമാരോടൊക്കെ ചോദിച്ചു. ഇതിന്റെ അർത്ഥം മറ്റുള്ളവർ തിരിച്ചു് എറിഞ്ഞില്ല എന്നല്ല. അവരും എറിയുകാണും. അവർ കല്ലൊന്നും കൊണ്ടുവന്നതല്ല. ചെയ്സ് ചെയ്തു് നടന്നു കിലോമീറ്റർ ദൂരെ കൊണ്ടുപോയി. അപ്പോഴും എറിഞ്ഞു കാണും. അതു് ഞാൻ നിഷേധിക്കുന്നില്ല. ഞാൻ വീണ്ടും മുതിർന്ന ഉദ്യോഗസ്ഥൻമാരോടു ചോദിച്ചു, നിങ്ങൾക്കു് എന്തുവേണം, നിങ്ങൾക്കു് കല്ലേറു് പ്രോവോക്കു് ചെയ്യിക്കണമോ, നിങ്ങൾക്കു് തല്ലണോ, നിങ്ങൾക്കു് ലാത്തിച്ചാർജ്ജു് നടത്തണോ? അസ്സ്റ്റു് ചെയ്യാനാണെങ്കിൽ ഞങ്ങൾ തയാറാണു്. ഞങ്ങൾ അറസ്റ്റിനു് വിധേയരാകാൻ തയ്യാറായിരിക്കയാണു്. എന്തിനു് വെറുതെ കല്ലെറിഞ്ഞു് പ്രോവോക്കു് ചെയ്യിപ്പിക്കുന്നു? അതിനൊന്നും മറുപടി കിട്ടിയില്ല. മറുപടി കിട്ടിയില്ലെന്നു മാത്രമല്ല, അവിടെ ധാരാളം സ്ത്രീകളുണ്ടായിരുന്നു. അവർ ഗേറ്റിനരികെ ഇരിക്കയായിരുന്നു. യാതൊരു മുന്നറിയിപ്പും കൂടാതെ ടിയർ ഗ്യാസു് പൊട്ടിച്ചു. എന്റെ ചുറ്റിനും നിന്ന ആളുകളെ പട്ടിയെ തല്ലുന്ന കണക്കു്, ചേരയെ അടിക്കുന്നതുപോലെ അടിക്കുകയായിരുന്നു. അതിൽ മൂന്നു നാലു സ്ത്രീകളും ഇപ്പോഴും ആശുപത്രിയിലാണു്. സ്ത്രീകളും കല്ലെറിഞ്ഞോ? അവർ ഗേറ്റിന്റെ അരികിൽ ഇരിക്കുകയായിരുന്നു. പോലീസുകാർ തന്നെ അവരോടു് പറഞ്ഞതാണു്, നിങ്ങളും അവിടെ ഇരിക്കിൻ, എങ്ങും ഓടണ്ടായെന്നു്. അതിൽ എല്ലാ സ്ത്രീകളുടേയും പേരു് ഞാൻ പറയുന്നില്ല. ഒരു ചളിത, തലയ്ക്കു് അടികൊണ്ടു് തല പൊട്ടി ആശുപത്രിയിൽ കിടക്കുന്നുണ്ടു്. പിന്നെ ഒരു സുമതി, അവരുടെ ദേഹം മുഴുവൻ ലാത്തികൊണ്ടുള്ള അടിയാണു്. പിന്നെ ഒരു ചെല്ലമ്മ, ബഹുമാന്യനായ മുഖ്യമന്ത്രിക്കു് ദുഃഖമുണ്ടെന്നു് പറഞ്ഞതുകൊണ്ടു് ഞാൻ പറയുകയാണു്, അങ്ങയുടെ ഗവൺമെന്റിന്റെ കാലത്തു് സ്ത്രീകളെ ലാത്തിച്ചാർജ്ജു് ചെയ്തതു് അതു് മനസ്സിലാക്കാൻ കഴിയും. ഒരു പോലീസ് ഉദ്യോഗസ്ഥൻ സ്ത്രീകളെ എങ്ങനെ കൈകാര്യം ചെയ്തു എന്നു് അങ്ങേക്കറിയാമോ? സ്ത്രീകളുടെ നെഞ്ചിനു്, സാരിക്കു്, ബ്ലൗസിനു്, ബാക്കി അവയവങ്ങൾക്കു് കുത്തിപ്പിടിച്ചു് പൊക്കിയെടുത്തു് നിലത്തിട്ടു് ചവിട്ടുകയായിരുന്നു. ഇന്നും ആ സ്ത്രീകൾ ആശുപത്രിയിലുണ്ടു്. മയ്യനാടു് പഞ്ചായത്തിലെ മുൻപ്രസിഡന്റിനെ ബൈനറു് കൊണ്ടു് കുത്തി. അദ്ദേഹം ഇപ്പോഴും ആശുപത്രിയിൽ കിടക്കുകയാണു്. നൂറിലധികം ആളുകൾ ആശുപത്രിയിൽ പോയി. കേസിൽ പ്രതിയാകുമെന്നു് ഭയന്നു് എത്രയോ ആളുകൾ സ്വകാര്യ ആശുപത്രികളിൽ പോയി. സർ, വെളിയം ഭാർഗ്ഗവൻ ആരാണെന്നു് അങ്ങേക്കറിയാമല്ലോ? ഈ രാജ്യത്തു് കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിലൂടെ, വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ നിന്നു് വളർന്നുവന്നു, മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ടു് വളർന്നുവന്ന ഒരു നേതാവാണു്. അദ്ദേഹത്തെ തല്ലാൻ കരുണാകരൻ ഗവൺമെന്റു് തയ്യാറാകുന്നതു് മനസ്സിലാകുന്നില്ല. ശ്രീ. ചിത്തരഞ്ജൻ ഈ നിയമസഭയിലെ അംഗമായിരുന്നു. വെളിയം ഭാർഗ്ഗവനും നിയമസഭയിൽ അംഗമായിരുന്നു. ശ്രീ. ചിത്തരഞ്ജൻ കേരളത്തിലെ ഒരു മന്ത്രിയായിരുന്നു. ആ ചിത്തരഞ്ജനെ തല്ലിച്ചതച്ചു. കൊട്ടറ ഗോപാലകൃഷ്ണനും ഈ നിയമസഭയിലെ അംഗമായിരുന്നു. അദ്ദേഹത്തെയും തല്ലി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. ജോസ്ക്കരനും ശ്രീ. ഗുരുദാസും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖൻമാരായ നേതാക്കൻമാരും കഴിഞ്ഞ കാലങ്ങളിൽ എല്ലാംതന്നെ മർദ്ദനങ്ങളെ അതിജീവിച്ചു വളർന്നുവന്ന നേതാക്കൻമാരാണ്. അവരെയൊക്കെ ഒരു പ്രകോപനവും കൂടാതെ തല്ലി. എനിക്ക് അടി കിട്ടിയില്ലായെന്നുള്ളത് നേരാണ്. കിട്ടാതിരുന്നതിൽ ദുഃഖമുണ്ട്. കാരണം, എങ്കിലെ അടിച്ച അടിയാണ് ചന്ദ്രമോഹനന്റെ കയ്യിലുള്ള പാട്. സർ, അങ്ങ് മനസ്സിലാക്കണം, ഇത്രയും വർഷമായിട്ട് ഒരു പ്രകോപനവും ഇല്ലാതെ ഈ നാട്ടിലെ രാഷ്ട്രീയ പ്രവർത്തകരായ ഞങ്ങൾ ഇവർ രാജ്യദ്രോഹം കുറ്റം ചെയ്തു എന്നു പറഞ്ഞത് തെറ്റാണെങ്കിൽ അതിന് പോലീസിനെക്കൊണ്ട് തല്ലുന്ന നടപടിയാണോ സ്വീകരിക്കേണ്ടത്? വിജയദാസിന്റേയും ചന്ദ്രമോഹനന്റേയും പുറത്ത് ഇപ്പോഴും പാടു കാണാം. തങ്കപ്പന്റെ വയറിൽ ഇപ്പോഴും നോക്കിയാലും ലാത്തികൊണ്ടുള്ള അടിയുടെ പരിക്കു കാണാം അത്ര ഭീകരമായ മർദ്ദനമാണ് അവിടെ നടന്നത്. ഒരു പോലീസുകാരൻ എന്റെ പുറത്തു കൊണ്ട അടി തടഞ്ഞു എന്ന വസ്തുത ഞാൻ സമ്മതിക്കുന്നു. എന്തു കാര്യത്തിനാണ് ഇങ്ങനെ ചെയ്തത്? ഞങ്ങൾ ഒരു തെറ്റും ചെയ്തില്ല. ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുന്നതേ ഉള്ളൂ, പിക്കറ്റിംഗ് അപ്പോഴും തുടങ്ങിയിട്ടില്ലായിരുന്നു. നാലഞ്ചു പ്രാവശ്യം ലാത്തിച്ചാർജ് നടത്തി, ടിയർ ഗ്യാസ് പ്രയോഗിച്ച് അടിച്ച് ഓടിച്ച ശേഷവും ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർ തിരിച്ചുവന്ന് റീ ഗ്രൂപ്പ് ചെയ്തു. ലാത്തി ചാർജിനു ശേഷമാണ് ആയിരക്കണക്കിനു ആളുകളെ പിക്കറ്റിംഗിനു അറസ്റ്റു ചെയ്തുവെന്നു മനസ്സിലായത്. അറസ്റ്റ് ചെയ്ത കേസെടുത്തു. എനിക്ക് അതിലൊന്നും ദുഃഖമില്ല. പരാതിയില്ല. ഞാൻ പറഞ്ഞുവരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു അദ്ദേഹത്തിനു ദുഃഖമുണ്ടെന്ന്. ഞാൻ അത് മുഖവിലയ്ക്കെടുക്കുന്നു. ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന്റെ പശ്ചാത്തലം വിവരിക്കുന്നില്ലായെന്നു പറഞ്ഞു. അത് ശരിയല്ലായെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ഗവൺമെന്റിന്റെ ഭാഗമാണോ തൊഴിൽ വകുപ്പു മന്ത്രി ശിവദാസൻ എന്ന് എനിക്കായില്ല. പത്രങ്ങളിൽ വന്ന വാർത്തയാണ് ഞാൻ തെമ്മാടിത്തരം കാണിച്ചുവെന്ന്. ജുഡീഷ്യൽ അന്വേഷണത്തിന് ഓർഡർ ചെയ്തു എന്ന് പറഞ്ഞിട്ട് അതിന്റെ ഒരു പശ്ചാത്തല വിവരണം നടത്തുന്നത് ശരിയായിരിക്കുകയില്ലെന്നു പറഞ്ഞ മുഖ്യമന്ത്രിയുടെ മന്ത്രിസഭയിലെ ഒരംഗം കെല്ലുത്തു പ്രസംഗിച്ചത്, എന്തിനാണ് ജുഡീഷ്യൽ അന്വേഷണം? മാത്രമല്ല, എന്റെ നേതൃത്വത്തിലുള്ള ഗുണ്ടാവിളയാട്ടം എന്റെ നേതൃത്വത്തിലുള്ള തെമ്മാടിത്തരം എന്നാണ് ബഹുമാന്യനായ, പരമയോഗ്യനായ ശ്രീ. ശിവദാസൻ പറഞ്ഞത്. ഈ രാജ്യത്ത്, രാജ്യദ്രോഹികളെ, രാജ്യദ്രോഹികളെ എന്നു വിളിക്കുന്നത് തെമ്മാടിത്തരമാണെങ്കിൽ വീണ്ടും ഞങ്ങൾ വിളിക്കുമെന്ന് മാത്രമേ പറയുവാനുള്ളൂ. സർ, ജുഡീഷ്യൽ അന്വേഷണത്തെക്കുറിച്ച് പറഞ്ഞു. മുഖ്യമന്ത്രിക്കെ ജുഡീഷ്യൽ അന്വേഷണം എന്നുപറയുന്നത് എന്ത് കാര്യം വന്നാലും ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറയുമായിരുന്നു. ഒരു സിറിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണമെന്ന് പറയുമായിരുന്നു. കാരണം അവിടെ നമ്മുക്ക് ഒരു പാവനത കണ്ടിരുന്നു; നിഷ്പക്ഷത കണ്ടിരുന്നു. അത്യുന്നതമായ നീതിപീഠം, അവർ നിഷ്പക്ഷത പാലിക്കുമായിരുന്നു. ജസ്റ്റിസ് ജാനകിയമ്മ കമ്മീഷന്റെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോഠം ഇനി നമുക്ക് ജുഡീഷ്യൽ അന്വേഷണത്തെക്കുറിച്ച് വല്ലതും പറയാനൊക്കുമോ? മണിക്കൂറുകഠംവച്ച്, മിനിട്ടുകഠംവച്ച് എപ്പോഠം വേണം റിപ്പോർട്ട് എന്ന് പറഞ്ഞു. അപ്പോഠം റിപ്പോർട്ട് എഴുതിക്കൊടുക്കുന്ന ജഡ്ജിമാരും മുൻ ജഡ്ജിമാരുമാണ് ഇപ്പോഴുള്ളത്. ഇന്നലെ അങ്ങു സർക്കുലേറ് ചെയ്തിരുന്നു, വടക്കേലിന്റെ റിപ്പോർട്ട്. സർ, വടക്കേൽ കമ്മീഷന്റെ റിപ്പോർട്ട് വായിക്കുന്ന ഒരാളിന് ഇനി ജുഡീഷ്യൽ അന്വേഷണം വേണമെന്നു പറയാനൊക്കുമോ? ഇവിടെ വലിയ ശബ്ദമുണ്ടാക്കിയതല്ലേ സർ ആ ടെലഫോൺ സംഭാഷം. ഹൈക്കോടതി സിറ്റിംഗ് ജഡ്ജി അന്വേഷണം നടത്തിയപ്പോഠം അതുസംബന്ധിച്ച് ഇവിടെ ഗീർവാണപ്രസംഗം നടത്തിയല്ലോ. ശിക്ഷിക്കും, കേസ് എടുക്കും, അത് ചെയ്യും, ഇത് ചെയ്യും, എന്നിട്ട് എന്ത് ചെയ്തു. അങ്ങനെ സിറ്റിംഗ് ജഡ്ജിമാരെപോലും സ്വാധീനിക്കാൻ ശ്രമിക്കുന്ന എക്സിക്യൂട്ടീവിന്റെ തലവൻ ജുഡീഷ്യൽ അന്വേഷണം നടത്തുന്നു എന്നു പറഞ്ഞാൽ ആര് വിശ്വസിക്കാൻ? ഇതിൽ എനിക്ക് വിനീതമായ ഒരു അഭിപ്രായമുണ്ട്. ഈ നിയമസഭയുടെ ഒരു കമ്മിറ്റിയെക്കൊണ്ട് അന്വേഷിക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ? ഈ നിയമസഭയുടെ ഒരു കമ്മിറ്റി, രേണുകക്ഷിക്ക് ഭൂരിപക്ഷം ആയിക്കൊള്ളട്ടെ, അതിൽ എനിക്ക് യാതൊരു വിരോധവുമില്ല; കാരണം അവരുടെ മനസ്സാക്ഷിയിൽ എനിക്ക് വിശ്വാസമുണ്ട്. മറ്റൊരുപ്രേരണയും അവരെ സ്വാധീനിക്കാൻ പാടുകയില്ല. അതിനു കാരണം, നമ്മുടെ മുമ്പിലുണ്ട് തെളിവ്. രേണുകക്ഷിക്ക് ഭൂരിപക്ഷമുള്ള പി.എ.സി.യും പി.യു.സി.യും മറ്റും ഈ ഗവൺമെന്റ് ചെയ്ത ചില നടപടിയെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട ചരിത്രം നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ട് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്, മുഖ്യമന്ത്രി ഇത് ജുഡീഷ്യൽ അന്വേഷണം എന്നുള്ള പ്രഹസനം നടത്തി രക്ഷപ്പെടാൻ ശ്രമിക്കാതെ, നിങ്ങഠം ആത്മാർത്ഥതയോടുകൂടിയാണ് ഇത് പറയുന്നതെങ്കിൽ ഈ സഭയിലെ ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തണം. അതുകൊണ്ട് ജുഡീഷ്യൽ അന്വേഷണത്തിന് തടസ്സംസൃഷ്ടിച്ചു സർ ഈ സഭാനടപടികഠം നിർത്തിവച്ച് ചർച്ച ചെയ്യുന്നത്. ഈ നിയമസഭയിലെ അംഗങ്ങഠംക്കും അടികൊണ്ടതാണ്. ഈ സംസ്ഥാനത്തെ നേതാക്കൻമാർക്കും അടികൊണ്ടതാണ്. നൂറുകണക്കിന് തൊഴിലാളികളും സാധാരണക്കാരും അടികൊണ്ട് തല്ലിച്ചതഞ്ഞ ഒരു സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന്റെ മറവിൽ രക്ഷപ്പെടാൻ ശ്രമിക്കണ്ട. ഇവിടെ സഭാ നടപടികഠം നിർത്തിവച്ച് ചർച്ചചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.....
..... (ബഹളം) .....

ശ്രീ. കാനം രാജേന്ദ്രൻ: സർ, ചന്ദ്രമോഹനനും ശ്രീ. സി.കെ. തങ്കപ്പനും അടികൊണ്ടതിന്റെ പരിക്ക് ഭയങ്കരമാണ്. പരിക്ക് പറ്റിയവർക്ക് സംസാരിക്കാൻ അവസരം കൊടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരത്തെ ചെയർ മാനിക്കുന്നു. സാധാരണ നടപടിക്രമമനുസരിച്ച് അങ്ങനെയൊരു പതിവില്ല. അതുകൊണ്ട് ഈ സാഹചര്യത്തിൽ അദ്ദേഹത്തെ പറയാൻ അനുവദിക്കാൻ നിവൃത്തിയില്ല. പ്രാക്ടീസ് അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ ശ്രീ. ചന്ദ്രമോഹനൻ എന്നെ വന്നുകണ്ടിരുന്നു; അദ്ദേഹത്തിന് പറയാൻ ഞാൻ മറെറാരവസരം കൊടുക്കുന്നതാണ്.' ബഹുമാനപ്പെട്ട അംഗങ്ങം ദയവായി ഇരിക്കണം.....(ബഹളം).....

ശ്രീ. കാനം രാജേന്ദ്രൻ: മറെറാരു അവസരത്തിൽ പറയാൻ പാർട്ടി സമയം കൊടുക്കും. അങ്ങയുടെ ശുപാർശവേണ്ട.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കാനം രാജേന്ദ്രൻ, ഇങ്ങനെ പ്രകോപിതനായി സംസാരിക്കരുത്. എത്ര പ്രകോപനപരമായ സാഹചര്യമാണെങ്കിലും സഭ അനുവർത്തിച്ചുവരുന്ന ചില നടപടിക്രമങ്ങളുണ്ട്. അതുവിട്ടുപോകാൻ സാധിക്കുകയില്ല..... ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. ബേബിജോണിന് പറയാനുള്ളത് മുഴുവൻ പറയാൻ സമയം കൊടുത്തു. ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളത്. കേൾക്കൂ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബേബിജോൺ ഇവിടെ ഉന്നയിച്ച കാര്യങ്ങളെക്കുറിച്ച് മറുപടി പറയാൻ പ്രയാസമുണ്ടായിട്ടല്ല. അദ്ദേഹത്തിന് അറിയാം ഈ കാര്യത്തിൽ അദ്ദേഹം ഉൾപ്പെടെയുള്ള ഗവൺമെൻറിൻെറ കാലത്തെല്ലാം റിട്ടയേർഡ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുള്ള പാരമ്പര്യമാണ് ഈ സംസ്ഥാനത്തിന് ഉള്ളതെന്ന്. ഞാൻ അതിലേയ്ക്ക് ഒന്നും കടക്കുന്നില്ല. ആ രാഷ്ട്രീയമൊക്കെ ഞാൻ മാററിനിർത്തുകയാണ്, പക്ഷെ നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യറിലെ 284 (1) അനുസരിച്ച് ഒരു ജുഡീഷ്യൽ ഡിവിഷൻ നിലനിൽക്കുന്ന കാര്യത്തെക്കുറിച്ച് വിശദമായ ചർച്ചചെയ്യാൻ നിയമംഅനുവദിക്കാത്തതുകൊണ്ട് അതിൻെറ മറുവശങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജുഡിഷ്യൽ എൻക്വയറി കഴിഞ്ഞ് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഭാവിയിൽ ഇത് ഉണ്ടാകാതിരിക്കാനും; ആരെല്ലാം കുററക്കാരാണോ അവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാനും ഗവൺമെൻറ് സന്നദ്ധമാണ്. ഈ കാര്യത്തിൽ ഗവൺമെൻറിൻെറ വീകാരം ഗവൺമെൻറ് അറിയിച്ചു. ഒരിക്കലും ഇത് മറെറാരു നിലയിൽ കണ്ടുകൊണ്ട് അല്ല, ദുഃഖത്തോടുകൂടിത്തന്നെ പറയുകയാണ്, മേലിൽ ഇങ്ങനെ സംഭവിക്കാതിരിക്കാനും, ഈ നടപടിയിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടോ അവർക്ക് എതിരായി എല്ലാ നടപടികളും സ്വീകരിക്കാമെന്നും ഉറപ്പുനൽകുകയാണ്. ഇതിൻെറ അടിസ്ഥാനത്തിൽ സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ബേബിജോൺ: സർ, അങ്ങയുടെ മന്ത്രിസഭയിലുള്ള ഒരു മന്ത്രി ''എൻെറ നേതൃത്വത്തിൽ തെമ്മാടിത്തമാണു കാണിച്ചത്'' എന്ന് പൊതുയോഗത്തിൽ പ്രസംഗിച്ചത് ജുഡീഷ്യൽ അന്വേഷണം വരുമ്പോൾ എന്താകും?

മി. സ്പീക്കർ: - ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ ഈ പ്രശ്നത്തിൻെറ പ്രാധാന്യം കുറച്ചു കാണിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചു. തന്നെയുമല്ല, ഇന്നും നാളെയും ഡിമാൻറു ചർച്ചകളിലും ഇത്തരം കാര്യങ്ങളുൾപ്പെടെ ചർച്ചചെയ്യാനുള്ള സന്ദർഭങ്ങളുള്ളതുകൊണ്ട് ഇതിൻെറ അവതരണാനുമതി നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊല്ലത്തു നടന്ന ക്രൂരമായ ലാത്തിച്ചാർജ്ജിനെ സംബന്ധിച്ച് വളരെ ലഘൂകരിച്ചുകണ്ടുകൊണ്ട് പറഞ്ഞു. ഈ പോലീസ് നായാട്ടിനെ സംബന്ധിച്ച് മാത്രമല്ല, മുമ്പു തലസ്ഥാന നഗരിയിലും അതു പോലെതന്നെ അതിനുശേഷവും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും എതിരായിട്ടു നടന്നത് ഈ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് ഏറെടുത്തതിനുശേഷം നടന്ന പോലീസ് നടപടികളായിരുന്നു. അതിന്റെ തുടർച്ചയായ ക്രൂരമായ നടപടിയാണ് കൊല്ലത്ത് സമാപിച്ചത്. അനഭിമതരായ കുവൈറ്റുകാരെ സ്വീകരിക്കുകയും അവർക്കു സംരക്ഷണം നൽകുകയും ചെയ്ത മന്ത്രിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 14 ജില്ലാ തലസ്ഥാനങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ലക്ഷക്കണക്കിന് ജനങ്ങൾ നടത്തിയ പ്രകടനം തീർച്ചയായും പ്രകോപനപരമായി നടത്തിയിരുന്നെങ്കിൽ തീർച്ചയായും ഈ 14 ജില്ലകളിലേയും പോലീസ്ഭരണം തകർന്നു തരിപ്പണമാകുമായിരുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പതിനയ്യായിരക്കണക്കിന്, ഇരുപത്തയ്യായിരക്കണക്കിന്, അമ്പതിനായിരക്കണക്കിന് ആളുകളാണ് പിക്കറിങ്ങിൽ പങ്കെടുത്തുത്. കോഴിക്കോട്ടാണെങ്കിൽ മൂന്നു മണിവരെ അവരെ മാറിയപ്പോഴേത്തന്നെ പോലീസ് തളർന്നുപോയി. കണ്ണൂരിൽ ഇരുപതിനായിരക്കണക്കിന് ആളുകളെ പോലീസ് അറസ്റ്റ് ചെയ്ത് പോലീസ് തളർന്നുപോയി. പ്രതിപക്ഷം അങ്ങോട്ടടിക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ കേരളത്തിൽ നടക്കാൻ പോകുന്നത് ഇതൊന്നും ആയിരുന്നില്ല. പക്ഷേ സമാധാനപരമായി പ്രതിഷേധിച്ച് പിക്കറിംഗ് നടത്തി ഈ മന്ത്രിമാർ രാജിവയ്ക്കണമെന്ന കാര്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക മാത്രമേ ചെയ്തുള്ളൂ. മനസ്സാക്ഷിയില്ലാത്ത മന്ത്രിമാരാണ് ഇവിടെ ഭരിക്കുന്നത്. മനുഷ്യരല്ല ഇവിടെ ഭരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, അടിയന്തിരാവസ്ഥക്കാലത്ത് എടുത്തിരുന്ന സമീപനമല്ലേ ശ്രീ. കെ. കരുണാകരൻ ഈ കുത്തകാലത്ത് സ്വീകരിച്ചിട്ടുള്ളത്? ഇവിടത്തെ പോലീസ് കമ്മീഷണർ ശ്രീവാസ്തവ ഗവർണ്ണറുടെ മുമ്പിൽവച്ച് 15 പെൺകുട്ടികളുടെ കയ്യ് തല്ലി ഒടിച്ചു. സ്ത്രീയുമല്ല പുരുഷനുമല്ല ആ വാസ്തവ. ആ കമ്മീഷണറാണ് ഇവിടെ ഇപ്പോഴും ഭരിക്കുന്നത്. മാത്രവുമല്ല ആ ഉദ്യോഗസ്ഥൻ ശ്രീ. കെ. കരുണാകരന്റെ ഉറ്റ മിത്രവുമാണ്. തൃശ്ശൂരിൽ വെടിവയ്പ് നടത്തിയ കമ്മീഷണറുമാണ്. കൊല്ലത്തുനടന്ന ലാത്തിച്ചാർജ്ജിൽ ശ്രീ. ബേബിജോൺ ഒഴികെ മൂന്ന് എം.എൽ.എ. മാർക്കു പരിക്കുപറ്റി. അതുപോലെതന്നെ ഇവിടത്തെ സി. പി. ഐ., സി. പി. എം., കോൺഗ്രസ്സ് (എസ്) തുടങ്ങി പ്രതിപക്ഷ കക്ഷികളിലെ നേതാക്കൻമാരെ മുഴുവനും അറസ്റ്റു ചെയ്തു. ഇപ്പോഴും അവർ ജയിലിൽ കിടക്കുകയാണ്. ഈ രാജ്യത്ത് രാഷ്ട്രീയമായി തങ്ങളുടെ വ്യക്തി മുദ്ര പതിപ്പിച്ച നേതാക്കൻമാരെ ലാത്തിച്ചാർജ്ജ് ചെയ്യുന്നതിന് പോലീസിനു യാതൊരു മടിയും ഉണ്ടായിരുന്നില്ല. ഞാൻ ചോദിക്കട്ടെ ശ്രീ. കരുണാകരൻ ഇതിനുള്ള നിർദ്ദേശം കൊടുത്തില്ലായിരുന്നെങ്കിൽ ഇത് നടക്കുമായിരുന്നോ? ഇവിടെത്തന്നെ പത്രപ്രവർത്തകൻമാർക്ക് വല്ല രക്ഷയുണ്ടോ? കഴിഞ്ഞ 5-ാം തീയതി മലയാള മനോരമ പത്രത്തിന്റെ ഫോട്ടോഗ്രാഫറെ അടിച്ച് അവശനാക്കി. അത് തെറ്റല്ലേ? അനുകൂലമായ രീതിയിൽ ഈ രാജ്യത്ത് പത്രപ്രവർത്തനം നടത്തുന്നവർക്ക് വല്ല രക്ഷയും ഉണ്ടോ? എൻ.ജി.ഒ.

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൻമാർക്ക് വല്ല രക്ഷയും ഉണ്ടോ? അദ്ധ്യാപക നേതാക്കൻമാർക്ക് വല്ല രക്ഷയും ഉണ്ടോ? ഇടതുപക്ഷ മുന്നണി പ്രവർത്തക നേതാക്കൻമാർക്ക് വല്ല രക്ഷയും ഉണ്ടോ? ഈ തരത്തിൽ ക്രൂരമായ അടിയന്തിരാവസ്ഥക്കാലത്തെ സമീപനം മുഖ്യമന്ത്രി വീണ്ടും ആവർത്തിക്കാൻ ശ്രമിക്കുകയാണ്. അദ്ദേഹത്തിന്റെ ഇഷ്ട തോഴൻമാരായ പോലീസ് ഉദ്യോഗസ്ഥൻമാരെ അതാതു സ്ഥലങ്ങളിൽ നിശ്ചയിച്ച് ലാത്തിച്ചാർജ്ജ് ചെയ്യുകയും ക്രൂരമായി പരിക്കേൽപ്പിക്കുകയും ചെയ്തിട്ട് ഇപ്പോൾ പറയുന്നു, ഇതിപ്പോൾ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന്. തീർച്ചയായും ഇത് ചർച്ച ചെയ്യണം, സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ഈ കാലത്ത് എടുത്തിട്ടുള്ള ക്രൂരമായ പോലീസ് നടപടികളെക്കുറിച്ച് ചർച്ച ചെയ്യണം. ഈ നാലു മന്ത്രിമാരും രാജിവയ്ക്കണമെന്നുള്ള ആവശ്യം വീണ്ടും ഈ രാജ്യത്തെ ലക്ഷക്കണക്കിന് ആളുകളിൽ നിന്ന് ഉയർന്നുവരും. നിങ്ങളുടെ എന്തു ക്രൂരമായ മർദ്ദനത്തേയും പുല്ലുപോലെ ലഘൂകരിച്ച് ഈ രാജ്യത്തെ ജനങ്ങൾ മുന്നോട്ടുപോകും. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ കാര്യം ചർച്ചചെയ്യണമെന്നുള്ള ആവശ്യം തള്ളിക്കളഞ്ഞതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി).

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഈ സഭയുടെ ചരിത്രത്തിൽ വളരെ അഭൂതപൂർവ്വമായ ഒരു സംഭവമാണ് ഇവിടെ സഖാവ് ബേബി ജോൺ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞില്ല. ഒരു ജുഡീഷ്യൽ അന്വേഷണത്തിന്റെ മറ പിടിച്ചുകൊണ്ട് ചർച്ചയ്ക്ക് വ്യക്തമായ മറുപടി പറയുന്നതിൽനിന്ന് അദ്ദേഹം ഒഴിഞ്ഞുമാറുകയാണ്. സർ, ഇത്രയും ഗൗരവതരമായിട്ടുള്ള ഒരു സംഭവത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുമ്പോൾ അതേ ഗവൺമെന്റിലെ മന്ത്രിമാർക്ക് പബ്ലിക് പ്ലാറ്റ്ഫോമിൽ ചെന്ന് ഇതേ സംഭവത്തെ സംബന്ധിച്ച് പ്രസംഗിക്കാം. അതിൽ സഖാവ് ബേബിജോണും മറ്റും അവിടെ ഗുണ്ടാവിളയാട്ടം നടത്തുകയായിരുന്നുവെന്ന് പ്രസംഗിക്കാം. ഈ സഭയ്ക്കകത്തിരുന്നുകൊണ്ട് ജനപ്രതിനിധികൾക്ക് ഇത് ചർച്ച ചെയ്യാൻ പാടില്ല. ഈ ജുഡീഷ്യൽ അന്വേഷണം തന്നെ പ്രഹസനമാണ് എന്നുള്ളതിന്റെ തെളിവല്ലേ സർ, ഇവിടെ ചർച്ച തടയുന്നതിനു വേണ്ടി മനഃപ്പൂർവ്വം അങ്ങനെ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുകയല്ലേ ചെയ്യുന്നത്. എന്തുകൊണ്ട് ഈ സഭയ്ക്ക് ഈ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്തുകൂടാ? വളരെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കൻമാരാണ്. ഈ സംസ്ഥാനത്തിലെ മന്ത്രിസഭയിൽ അംഗങ്ങളായിരുന്നവരാണ്, നാളെയും അംഗങ്ങളാകാൻ കഴിയുന്നവരാണ് അവിടെ പോലീസ് മർദ്ദനത്തിനിരയായത്. ഇവിടത്തെ ഭരണകക്ഷിക്ക് പ്രതിപക്ഷത്തേക്കാൾ 95,000 വോട്ടിന്റെ ഭൂരിപക്ഷം മാത്രമാണുള്ളത്. ഇന്ന് അതുണ്ടോ എന്നുള്ളതു പരിശോധിച്ചറിയേണ്ടതാണ്. അവരാണ് ഇവിടെ ഭരിക്കുന്നത്. അത്രമാത്രം ഒരു വലിയ ജനവിഭാഗത്തിന്റെ പ്രാതിനിധ്യം ഇന്ന് അവകാശപ്പെടുന്ന ഒരു പ്രതിപക്ഷ പാർട്ടിയുടെ ഉത്തരവാദപ്പെട്ട നേതാക്കൻമാർ നടത്തുന്ന സമരത്തെ മർദ്ദിച്ചമർത്താമെന്നു കരുതുന്നത് തെറ്റാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ജുഡീഷ്യൽ അന്വേഷണത്തിന്റെ മറപിടിച്ചുകൊണ്ട് ചർച്ച നിഷേധിക്കുന്ന നടപടി ശരിയല്ല സർ. ഞാൻ ഇന്നലെ ജയിലിൽ കിടക്കുന്ന ആളുകളെ പോയി കണ്ടു. ഈ രാഷ്ട്രീയ സമരത്തിൽ ഏർപ്പെട്ട അവർക്ക് രാഷ്ട്രീയത്തടവുകാരുടെ സൗകര്യങ്ങളൊന്നും അനുവദിച്ചിട്ടില്ല. സ്വതന്ത്രമായ ഒരു സ്റ്റാൻഡിംഗ് റൂം ഉണ്ട്. മുൻ മന്ത്രിമാരെയും എം.എൽ.എ.മാരെയും എക്സ് എം.എൽ.എ.മാരെയും ഇങ്ങനെയുള്ള കുറെങ്ങാക്കു ശിക്ഷിക്കപ്പെട്ടാൽ അവർക്ക് 'എ' ക്ലാസ് സൗകര്യങ്ങളും കൊടുക്കണം എന്ന്. ഞാൻ അവിടെ കണ്ടത് മുൻ മന്ത്രി ശ്രീ. ജെ.ചിത്തരഞ്ജനും അതുപോലെതന്നെ എക്സ് എം.എൽ.എ. മാരായ ശ്രീ. വെളിയം ഭാർഗവനും ശ്രീ. കൊട്ടറ ഗോപാലകൃഷ്ണനും മറ്റു സഖാക്കളുമെല്ലാം സാധാരണ ക്രിമിനൽ പുള്ളികളുടെ വാർഡിൽ വെറും തറയിൽ പുൽപ്പായ് വിരിച്ചു കിടക്കുന്നതായാണ്. ഇതാണ് ഇവിടത്തെ പ്രതിപക്ഷ മര്യാദ. ഒരു രാഷ്ട്രീയ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രവർത്തകരെ ശിക്ഷിച്ചു ജയിലിൽ അയച്ചാൽ അവർക്ക് 'എ' ക്ലാസ് സൗകര്യങ്ങളെങ്കിലും കൊടുക്കാനുള്ള നിർദ്ദേശം ഈ മുഖ്യമന്ത്രി കൊടുത്തോ? ഈ ഗവൺമെന്റിന്റെ പ്രതിപക്ഷത്തോടുള്ള സമീപനത്തിൽ ഏറ്റവും ലജ്ജാകരമായിട്ടുള്ള ഈ നടപടി സ്വീകരിച്ചതിലും ഗൗരവമായ സംവേം ഈ സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ.പി. പ്രകാരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി).

ശ്രീ. എ.സി. ഷൺമുഖദാസ്: നാലുവർഷം പൂർത്തിയാക്കിയ ഏഴാം കേരള നിയമസഭയിൽ എം.എൽ.എ.മാരായ 3 പേർക്ക് ഭീകരമായ പരിക്കേറ്റ ആദ്യത്തെ സംവേമാണ് ഇത്.. എം.എൽ.എ.മാർക്ക് പരിക്കേറ്റ സംവേമെന്ന നിലയിൽ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, കെ.പ്രത്ത് അവർ പ്രകോപനമുണ്ടാക്കിയെന്ന്. ഗവൺമെന്റ് ഔദ്യോഗികമായി പ്രഖ്യാപിച്ച ആകാശവാണി റിപ്പോർട്ടു പ്രകാരം മഴയായിട്ടുപോലും 50,000 പേർ അറസ്റ്റു വരിച്ചിട്ടുണ്ടെന്നു പറഞ്ഞു. പല ജില്ലകളിലും വൈകുന്നേരം അഞ്ചുമണിവരെ പോലീസ് അവരെ നീക്കം ചെയ്തില്ല. ഗവൺമെന്റ് ഓഫീസുകളും പ്രവർത്തിച്ചില്ല. ലക്ഷക്കണക്കിന് ആളുകളാണ് സർ മൊത്തം ഇതിൽ പങ്കെടുത്തത്. എന്നിട്ടും സമാധാനപരമായി കൊല്ലത്തു നടന്ന ഈ സമരത്തെ അടിച്ചു തകർക്കാൻ ശ്രമിച്ചു. ഈ മുഖ്യമന്ത്രി ബഹുജനസംഘടനകളോടും ബഹുജന സമരങ്ങളോടും ആഭ്യന്തര മന്ത്രി എന്ന നിലയ്ക്കു കാണിക്കുന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാടും സമീപനവും ഒരുപക്ഷേ പരീക്ഷിക്കാനുള്ള ഒരു രംഗമായി അവിടെ കണ്ടു. ഇവിടെ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് മുഖ്യമന്ത്രി തയ്യാറായത് ഈ നിയമസഭ ഇന്ന് കൂടുന്നതുകൊണ്ടാണ്. നിയമസഭാംഗങ്ങൾ എന്ന നിലയിൽ നമ്മുടെ സഹപ്രവർത്തകർക്കു കൊണ്ട തല്ലിനെക്കുറിച്ച് ചർച്ച ചെയ്യുമെന്നുള്ളതുകൊണ്ടാണ് മുഖ്യമന്ത്രി ഈ ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറായത്. രണ്ട് എം.എൽ.എ.മാരെ വിട്ടു. മുൻ മന്ത്രിമാരും മുൻ എം.എൽ.എ.മാരും കൊട്ടറ ഗോപാലകൃഷ്ണനടക്കം അവിടെ കിടക്കുകയാണ് സർ. നീതിന്യായത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ഈ എം.എൽ.എ. മാരെ പ്രത്യേക അവകാശം വച്ച് ജയിൽ മോചിതമാക്കിയെങ്കിലും മുൻ മന്ത്രിമാരോടും മുൻ എം.എൽ.എ. മാരോടും എന്താണ് ഈ അനീതി. അവരെ എന്തു കൊണ്ട് മോചിപ്പിച്ചില്ല? അവരെ മോചിപ്പിക്കാനുള്ള തീരുമാനം എന്തുകൊണ്ട് എടുത്തില്ല? നിയമസഭയെ എങ്ങനെയെങ്കിലും ഈ ചർച്ചയിൽനിന്നും ഈ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടുത്താനുള്ള കുറുക്കുതന്ത്രത്തിനപ്പുറം ഈ ജുഡീഷ്യൽ അന്വേഷണത്തിൽ താല്പര്യമില്ല. ഇന്നലെ മുഖ്യമന്ത്രി 2 മന്ത്രിമാരെ കൊല്ലത്ത് പറഞ്ഞയച്ചു. ഭരണ മുന്നണി സംഘടിപ്പിച്ച യോഗമാണ്. അവിടെവച്ച് അവർ ഈ സമരത്തെ പരസ്യമായി എതിർത്തു. ഇതിന്റെ കുറ്റം മുഴുവൻ പ്രതിപക്ഷത്തിന്റെ തലയിൽ വയ്ക്കുന്നു. തെമ്മാടിത്തപരമായി അവിടെ പോയി പ്രസംഗിച്ച 2 മന്ത്രിമാരെ നിലയ്ക്കുനിർത്താത്ത മുഖ്യമന്ത്രി ഒരു ജുഡീഷ്യൽ അന്വേഷണത്തിന്റെ പേര് ഇവിടെ പറയുന്നത് വിശ്വസിക്കാൻ കഴിയുമോ? അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നു നമ്മുടെ നിയമസഭാംഗങ്ങളെ ഇങ്ങനെ തല്ലിച്ചതച്ചുകൂടാ. അങ്ങുകൂടി സംരക്ഷണം നൽകണം. മുഖ്യമന്ത്രി എന്ത് പറഞ്ഞ് ഒഴിഞ്ഞുമാറിയാലും പ്രത്യേക അധികാരം ഉപയോഗിച്ചുകൊണ്ട് അങ്ങ് ചർച്ചയ്ക്കുള്ള അവസരം [illegible]ണം. ഇത് അടിച്ചമർത്തിക്കളയാമെന്നാണ് മുഖ്യമന്ത്രിയും [illegible] വ്യാമോഹിക്കുന്നതെങ്കിൽ അപ്പുറത്തിരിക്കുന്ന പല [illegible] ഞങ്ങളോടൊപ്പം ഉണ്ടാകും. അതു കണ്ടുകൊണ്ട് ചർച്ചയ്ക്ക് സന്നദ്ധമാകുന്നതാണ് നല്ലത്. സെൻട്രൽ ഗവൺമെന്റ് അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ട് പ്രസിദ്ധീകരണം തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസുകൂടി കൊണ്ടുവരികയാണ്. അതുകൊണ്ട് ഇതൊക്കെ പ്രഹസനമാണ്. നമുക്ക് ഇതിന് ഇക്കാര്യത്തിൽ ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നു പറയുന്നത് അതിന്റെയുംകൂടി വെളിച്ചത്തിലാണ്. സഭാനേതാവ് അതിന് സന്നദ്ധമായില്ല. തന്റെ സഹപ്രവർത്തകരെക്കുറിച്ച് അല്പമെങ്കിലും അദ്ദേഹത്തിന് ഹൃദയപൂർവ്വമായി ചിന്തിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഈ നിഷേധാത്മകമായ നിലപാട് അദ്ദേഹം സ്വീകരിക്കുമായിരുന്നില്ല. ഇവിടെ ഇത് നിഷേധിച്ചതിൽ പ്രതിഷേധിക്കാതെ നിവൃത്തിയില്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്ന് ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ.സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി).

ശ്രീ. ബേബി ജോൺ: സർ, ഞാൻ പ്രസംഗിക്കാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഈ നിയമസഭയുടെ നാഥനായതിനു ശേഷം, പലപ്പോഴും നിയമസഭാംഗങ്ങളുടെ പദവി ഉയർത്തുന്നതിനു വേണ്ടി ശ്രമിച്ചിട്ടുണ്ട്. അതിന് എല്ലാഭാഗത്തുനിന്നുമുള്ള സഹായം വേണമെന്ന് അങ്ങ് അഭ്യർത്ഥിച്ചിരുന്നു. പരമാവധി എല്ലാഭാഗത്തുനിന്നും സഹകരണം ഉണ്ടായി. രണ്ടുമൂന്ന് മുൻ എം.എൽ.എ. മാരെ തല്ലുകയുണ്ടായി. അവർ കല്ലെറിഞ്ഞിട്ടാണോ അവരെ തല്ലിയത്? അവരെ തല്ലിയ ആ വികാരം കണക്കിലെടുത്തു

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഈ സഭയിൽ നമുക്ക് അതൊന്ന് ചർച്ചചെയ്യേണ്ടതു് ആവശ്യമല്ലേ? ഉന്നതരായ ചില പോലീസ് ഉദ്യോഗസ്ഥൻമാർ അവരെ ഇങ്ങനെ തല്ലാൻ തുടങ്ങിയാൽ നാളെ എല്ലാവർക്കും ഇതായിരിക്കും അനുഭവം. തീർച്ചയായും ഈ സഭയിലെ അപൂർവ്വം ചില വ്യക്തികളൊഴികെ, ബാക്കിയുള്ള ആരും ഈ സംഭവത്തെ നീതീകരിക്കുവാൻ ശ്രമിക്കുകയില്ലെന്ന് എനിക്ക് തീർത്തും വിശ്വാസമുണ്ട്. സർ, ചിലർ മന്ത്രിമാരാകും, ചിലർ സ്പീക്കറാകും, ചിലർ പ്രതിപക്ഷത്താകും, ചിലർ ഭരണപക്ഷത്താകും, പക്ഷേ എല്ലാവരും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. യാദൃച്ഛികമായിട്ടാണ് മന്ത്രിമാരാകുന്നത്. അങ്ങനെ ജനങ്ങൾ തിരഞ്ഞെടുത്ത ഈ നിയമസഭാസാമാജികൻമാരെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽപോലും സാധാരണനടപടിക്രമം നിർത്തിവച്ച് ചർച്ചചെയ്യാനുള്ള അവസരം അനുവദിക്കുന്നതിൽ തടസ്സം നിൽക്കുന്നത് ദുഃഖകരമാണെന്നു് മാത്രമേ എനിക്കു പറയുവാനുള്ളൂ. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് ഇറങ്ങിപ്പോയി).

ശ്രീ. കെ.ജെ. ജോർജ്: സർ, കഴിഞ്ഞ 19-ാം തീയതി കൊല്ലം കളക്ടറേറ്റിനു മുൻപിൽവച്ച് ഈ നിയമസഭയിലെ അംഗങ്ങളെ ഉപ്പാലും അടിച്ച് പരിക്കേൽപ്പിച്ച പോലീസിന്റെ മർദ്ദനനടപടിയ്ക്കെതിരായി അതു സംബന്ധിച്ച് ഇവിടെ ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിച്ച അടിയന്തിരപ്രമേയം ചർച്ചചെയ്യാതെ റൂൾ ഔട്ട് ചെയ്തതിൽ പ്രതിഷേധിക്കുന്നു. അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരെ സസ്പെൻഡുചെയ്തുകൊണ്ട് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തണമെന്നാണ് എന്റെയും എന്റെ പാർട്ടിയുടേയും അഭിപ്രായം. ഈ സംഭവം ആവർത്തിയ്ക്കുകയാണെങ്കിൽ നിയമസഭാസാമാജികൻമാർക്കുപോലും പൊതുജനങ്ങളോട് കാര്യങ്ങൾ പറയുവാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കപ്പെടും. നമ്മുടെ ബഹുമാന്യനായ ബേബിജോൺ, ഉദ്ഘാടനപ്രസംഗം നടത്തിക്കൊണ്ടിരുന്ന സമയത്തു പോലും അത് നടത്താൻ സൗകര്യം കൊടുക്കാതെ പോലീസുദ്യോഗസ്ഥൻമാർ ലാത്തിച്ചാർജ് ചെയ്ത് അദ്ദേഹത്തെ ജനങ്ങളെ പിരിച്ചു വിട്ടതിനെതിരായി അന്വേഷണം നടത്തുന്നത് ഒരു പ്രഹസനമല്ലാതാക്കി മാറാതിരിക്കുന്നതിനുവേണ്ടി ഇപ്പോൾ എ. മാരടങ്ങുന്ന ഒരു കമ്മിറ്റിയെ വച്ചുകൊണ്ട് അന്വേഷണം നടത്തണം. ആ അന്വേഷണത്തിൽ കുറ്റക്കാരായി കാണുന്ന ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യണം. അതിനുമുൻപ് ആ ഉദ്യോഗസ്ഥൻമാരെ സസ്പെൻഡു ചെയ്തിട്ടുവേണം അന്വേഷണം നടത്തേണ്ടത്. ഈ അനീതി കാണിക്കാൻ വയ്യാത്തതു കൊണ്ടും, ഇവിടെ ഈ പ്രശ്നം ചർച്ചചെയ്യാൻ അനുവദിക്കാത്ത നയത്തിനെതിരായും സഭാനേതാവ് അതിന് അനുകൂലമായ ചർച്ചയ്ക്കു സ്വയം അനുവദിക്കാത്തതിന്റെ പേരിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭ വിട്ടിറങ്ങിപ്പോവുകയാണ്.

(ശ്രീ. കെ.ജെ. ജോർജ്ജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി).

LIBRARY ARCHIVES Kerala Legislative Assembly